LIBRARY ARCHIVES Kerala Legislative Assembly

നറുകര-വനിതാകോളേജ് റോഡ് ഗതാഗത യോഗ്യമാക്കാൻ നടപടി

139 [2210] ശ്രീ. ഇസ്ഹാക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി നിയോജകമണ്ഡലത്തിലെ നറുകര-വനിതാ കോളേജ് റോഡ് കുണ്ടും കുഴിയും നിറഞ്ഞ് ഗതാഗതയോഗ്യമല്ലാ എന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ റോഡ് ഗതാഗത യോഗ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി ആന്റ് സി) പ്രസ്തുത റോഡ് ഗതാഗത യോഗ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

രാമനാട്ടുകര-ഫറോക്ക് കോളേജ് റോഡിലെ ഗതാഗതക്കുരുക്ക്

140 [2211] ശ്രീ. വി. കെ. സി. മമ്മത് കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാമനാട്ടുകര-ഫറോക്ക് കോളേജ് റോഡിലെ ഗതാഗതക്കുരുക്ക് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഗതാഗതക്കുരുക്ക് ഒഴിവാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഗതാഗതക്കുരുക്ക് ഒഴിവാക്കാൻ വേണ്ടി സ്ഥിരമായി പോലീസുകാരെ ഡ്യൂട്ടിയ്ക്ക് നിയോഗിച്ചുവരുന്നു.

പൂഴിത്തോട്-പടിഞ്ഞാറത്തറ റോഡ് നിർമ്മാണം

141 [2212] ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് വയനാട് ജില്ലകളെ ബന്ധിപ്പിക്കുന്ന പൂഴിത്തോട് പടിഞ്ഞാറത്തറ റോഡിന്റെ പ്രവർത്തനം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) റോഡിന്റെ പ്രവർത്തി ഇപ്പോൾ നടക്കുന്നുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വിശദമാക്കാമോ;

(സി) വനത്തിൽ കൂടിയുള്ള റോഡ് നിർമ്മാണത്തിന് കേന്ദ്ര അനുമതി ലഭിക്കുന്നതിനുള്ള നടപടി കൈക്കൊണ്ടിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) പൂഴിത്തോട്-പടിഞ്ഞാറത്തറ റോഡിന്റെ പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിൽ വരുന്ന 10.435 കി.മീറ്ററിൽ 8.08 കി.മീ. ഭാഗത്തെ പണികൾ പൂർത്തിയായിട്ടുണ്ട്. ശേഷിക്കുന്ന 32.335 കി. മീ. റോഡിന്റേയും വാരംപറ്റ പാലത്തിന്റേയും പണികൾക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. ടി റോഡിന്റെ സിംഹഭാഗവും വനം വകുപ്പിന്റെ അധീനതയിലാണ്.

(ബി) ഇല്ല. വനം വകുപ്പിൽ നിന്നും റോഡിന്റെ ബാക്കി ഭാഗം വിട്ടു കിട്ടിയിട്ടില്ല.

(സി) വനം വകുപ്പിന്റെ അധീനതയിൽ ഉള്ള പ്രസ്തുത റോഡ് വിട്ടു കിട്ടാനുള്ള കേന്ദ്രാനുമതി തേടിയിട്ടുണ്ട്.

പി.ഡബ്ല്യു.ഡി. ഏറ്റെടുത്ത കോഴിക്കോട് കോർപ്പറേഷൻ റോഡുകൾ

142 [2213] ശ്രീ. എ. സുജനപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് കോർപ്പറേഷന്റെ അധീനതയിലുള്ള ഏതെല്ലാം റോഡുകളാണ് 2004-05 സാമ്പത്തിക വർഷം പി.ഡബ്ല്യു.ഡി ഏറ്റെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) 2005-06 സാമ്പത്തിക വർഷം ഏതെല്ലാം റോഡുകൾ പി.ഡബ്ല്യു.ഡി. ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത റോഡുകളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. †

(ബി) 2005-06-ൽ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന റോഡുകൾ താഴെപ്പറയുന്നവയാണ്.

1. ഗാന്ധി റോഡ്-കൃസ്ത്യൻ കോളേജ് റോഡുകൾ

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly